# 66. പുസ്തകവ്യവസായം ഇന്ത്യയിൽ

ഒരു സാമ്പത്തികപ്രവർത്തനമെന്ന നിലയിൽ പുസ്തകവ്യവസായത്തി ന് ഇരുമ്പ്—ഉരുക്കുനിർമാണം, കപ്പൽനിർമാണം, മോട്ടോർകാർ നിർ മാണം മുതലായ പല വ്യവസായങ്ങളുടെയും പുറകിൽ മാത്രമേ സ്ഥാന മുള്ളു. എന്നാൽ, ജ്ഞാനം സംഭരിക്കുകയും സംരക്ഷിക്കുകയും വ്യാപിപ്പി ക്കുകയും ചെയ്യുന്നതിനുള്ള മുഖ്യ ഉപകരണങ്ങൾ പുസ്തകങ്ങൾ ആകയാൽ, രാഷ്ട്രജീവിതത്തിൽ പരമമായ പ്രാധാന്യം പുസ്തകവ്യവസായത്തിനുണ്ട്.

പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങളുടെ എണ്ണം നോക്കിയാൽ, പുസ്തകവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ലോകരാഷ്ട്രങ്ങൾക്കിട യിൽ എട്ടാമത്തെ സ്ഥാനമാണത്രേ ഇന്ത്യയ്ക്കുള്ളതു്. ഇതിനർത്ഥം ഇന്ത്യ യിൽ പുസ്തകവ്യവസായം പര്യാപ്തമായ വളർച്ച നേടിയിട്ടുണ്ട് എന്നല്ല. ലോകജനസംഖ്യയിൽ പതിനഞ്ചു ശതമാനം ജീവിക്കുന്ന ഇന്ത്യ യിൽ ലോകത്തിലാകെ പുറത്തുവരുന്ന പുസ്തകങ്ങളുടെ മൂന്നു ശതമാനം മാത്രമാണു പ്രസിദ്ധീകരിക്കപ്പെടുന്നതു്. പുസ്തകവ്യവസായം ഇന്ന ത്തേതിന്റെ അഞ്ചിരട്ടി വളർച്ച നേടിയാലേ നാം ഈ രംഗത്തു ലോക ജനതയുടെ ശരാശരി നിലവാരത്തിലേക്കു് ഉയരുകയുള്ളു.

പുസ്തകവ്യവസായത്തിൽ ഇന്ത്യാ ഗവണ്മെൻറിന്റെ ശ്രദ്ധ ഇനി യും വേണ്ടത്ര പതിഞ്ഞിട്ടില്ല. ഇന്ത്യയിൽ ആകെ എത്ര പുസ്തകപ്രകാ ശകരുണ്ടെന്നോ, അവർ ആണ്ടിൽ എത്ര പുസ്തകങ്ങൾ, ഓരോന്നും എത്ര കോപ്പി വീതം പ്രസിദ്ധീകരിക്കുന്നുണ്ടെന്നോ, അവയിൽ എത്ര കോപ്പികൾ വിററഴിയുന്നുണ്ടെന്നോ കാണിക്കുന്ന കണക്കുകളൊന്നും ആരുടെ കൈയിലുമില്ല. ഈ വ്യവസായത്തിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മൂലധനം, ജോലിയെടുക്കുന്ന ആളുകളുടെ എണ്ണം, ലാഭനഷ്ടങ്ങൾ മുത ലായവ സംബന്ധിച്ച വിവരങ്ങളും കിട്ടാനില്ല. പുസ്തകപ്രകാശക ന്മാർ തങ്ങളുടെ പേരു് രജിസ്റ്റർചെയ്യണമെന്നോ, തങ്ങളുടെ പ്രവർത്ത നം സംബന്ധിച്ച വിവരങ്ങൾ ആരെയെങ്കിലും അറിയിക്കണമെന്നോ അനുശാസിക്കുന്ന ഒരു നിയമവും ഇന്ത്യയിൽ ഇന്നോളം ഉണ്ടാക്കപ്പെട്ടി ട്ടില്ല.

പതിനായിരത്തിലേറെ പുസ്തകപ്രകാശകന്മാർ ഇന്ത്യയിലുണ്ടെ ന്നാണു മതിപ്പ്. ഇവരിൽ കഷ്ടിച്ചു് ഇരുപതു ശതമാനം പ്രകാശകർ മാ ത്രമാണു വേണ്ടത്ര മൂലധനം നിക്ഷേപിച്ചും പരിഷ്കൃതരീതിയിലും പുസ്തകവ്യവസായം നടത്തുന്നതു്. എൺപതു ശതമാനം പ്രകാശകരും ഓരോ ആണ്ടിലും വിരലിലെണ്ണാവുന്നത്ര പുസ്തകങ്ങൾ മാത്രമേ പ്രസി ദ്ധീകരിക്കുന്നുള്ളു. ഇന്ത്യൻ ഭാഷകളിൽ പുസ്തകങ്ങൾ പ്രസിദ്ധപ്പെട ത്തുന്നവർ അധികവും ഈ ഇനത്തിൽപ്പെട്ടവരാണ്. സാമ്പത്തികശേ ഷിയോ, സാങ്കേതികപരിജ്ഞാനമോ ഇല്ലാത്ത പ്രകാശകരുടെ കീഴിൽ മിക്കവാറും കുടിൽവ്യവസായങ്ങളുടെ നിലയിൽ, സംഘടിപ്പിക്കപ്പെട്ട താണ് ഇന്ത്യയിലെ പുസ്തകവ്യവസായം എന്ന വസ്തുത ഇതിൽനിന്നു വ്യക്തമാകുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയിലെ പല വ്യവസായങ്ങളും വളർന്നതു്, അവയിൽനിന്നുതന്നെ ലഭിച്ച ലാഭം മൂലധനമായി നി ക്ഷേപിച്ചിട്ടാണ്. പുസ്തകവ്യവസായത്തിൽ നിശ്ചിതമായ ലാഭസാ ദ്ധ്യതയുള്ള മേഖല പാഠപുസ്തകപ്രകാശനത്തിന്റേതു മാത്രമാകുന്നു. പുസ്തകവ്യവസായത്തിലെ 'അപ്പവും വെണ്ണയും' അത്രേ പാഠപുസ്തക

ങ്ങൾ. സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന സെക്കണ്ടറിഘട്ടംവരെയുള്ള പാഠപുസ്തകങ്ങൾ മുഴുവൻ ദേശസാല്കരിക്കപ്പെട്ടു. കോളേജ് ഘട്ടത്തിലാണെങ്കിൽ, വിദേശീയ പാഠപുസ്തകങ്ങൾക്ക പരമാവധി പ്രാമാണ്യം കല്പിക്കപ്പെടുകയും ചെയ്തു ദേശസാല്കരിക്കപ്പെട്ട പാഠപുസ്തകങ്ങളാകട്ടെ, ഉള്ളടക്കത്തിലോ, നിർമാണത്തിലോ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുമില്ല. ഈ പശ്ചാത്തലത്തിൽ, പ്രൈമറി—സെക്കണ്ടറി സ്കൂളുകളിലെ സിലബസ്സും കരിക്കലവും സർക്കാർ നിർണയിക്കുകയും അവയെ ആധാരമാക്കി പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന ചുമതല അതിന്ന സന്നദ്ധതയുള്ള സ്വകാര്യ പുസ്തകവ്യവസായികൾക്ക വിട്ടുകൊടുക്കയും വേണമെന്ന ആവശ്യം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. പാഠപുസ്തകരംഗത്തു മത്സരിക്കുവാൻ അനുവദിക്കപ്പെടുന്നപക്ഷം സ്വകാര്യ പുസ്തകവ്യവസായികൾ പെട്ടെന്നു വളരുകയും, അവരുടെ വളർച്ച പുസ്തകവ്യവസായരംഗത്തു പ്രതിഫലിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല.

ഇക്കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ ഇന്ത്യൻ പുസ്തകവ്യവസായത്തിന്ന പൊതുവെ വളർച്ചയല്ല, തളർച്ചയാണ് അനുഭവപ്പെട്ടിട്ടുള്ളതു്. ഗൗരവമായ വായനയ്ക്കു പററിയ വിജ്ഞാനപ്രദാനങ്ങളായ ഗ്രന്ഥങ്ങളുടെ പ്രകാശനം വളരെ വളരെ കുറഞ്ഞുപോയിരിക്കുന്നു. പുസ്തകങ്ങളുടെ നിർമാണച്ചെലവിൽ വന്ന വർദ്ധനയും, അതിൻഫലമായി പുസ്തകവിലയിൽ വന്ന വർദ്ധനയും വിലവർദ്ധന നിമിത്തം പുസ്തകപ്രചാരത്തിൽ വന്ന സങ്കോചവുമാണ് ഈ സ്ഥിതിവിശേഷത്തിന്ന കാരണം. ജനസംഖ്യയിലും സാക്ഷരരുടെ സംഖ്യയിലും വലിയ വർദ്ധനയുണ്ടായിട്ടും, പുസ്തകങ്ങളുടെ പ്രചാരം നിന്നിടത്തുതന്നെ നിൽക്കുന്നതേയുള്ളു. അതേസമയം, വിലകുറഞ്ഞ മാസികകളും വാരികകളും പ്രചാരം വർദ്ധിപ്പിച്ചുവരികയുമാണ്.

ഇന്ത്യയിൽ ഇപ്പോൾ സാധാരണ പുസ്തകങ്ങളുടെ നിർമാണച്ചെലവിൽ അറുപതു ശതമാനത്തോളം കടലാസുവിലയാകുന്നു. അച്ചടിക്കുന്ന പ്രതികളുടെ എണ്ണം കൂടുന്ന തോതിന്ന പുസ്തകനിർമാണച്ചെലവിൽ കടലാസുവിലയുടെ അനുപാതം ഏററിവരുന്നു. ഇക്കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ ഇന്ത്യയിൽ കടലാസുവില ആറിരട്ടിയായി വർദ്ധിച്ചു. ലോകമാർക്കററിൽ കടലാസിനുള്ള വിലയിൽ ഇരട്ടിയാണ് ഇന്ത്യൻ മാർക്കററിൽ കടലാസുവില. ഇന്ത്യയിലെ കടലാസുനിർമാണത്തിൽ പല കാരണങ്ങളാൽ വന്ന മാന്ദ്യവും, ഇന്ത്യാഗവണ്മെൻറ് കടലാസിൻെറ ഉല്പാദനം, ഇറക്കുമതി, വില്പന എന്നിവയിൽ ചുമത്തുന്ന നികുതികളുമാണ കടലാസുവില ഇന്ത്യയിൽ ഇങ്ങനെ കുതിച്ചുയരാൻ കാരണം. നികുതികൾ കുറച്ചും, അച്ചടിക്കടലാസ് ഇറക്കുമതിചെയ്തും ഇന്ത്യൻ മാർക്കററിലെ കടലാസുവില താഴ്ത്തിക്കൊണ്ടുവരികയാണ് ഇന്ത്യയിൽ പുസ്തകവ്യവസായം വളർത്തുന്നതിന്ന സർക്കാർ കൈക്കൊള്ളേണ്ട ആദ്യനടപടി.

ഗ്രന്ഥശാലകൾ, വിദ്യാലയങ്ങൾ മുതലായ സ്ഥാപനങ്ങൾ ഒന്നിച്ചു വാങ്ങുമ്പോഴേ പുസ്തകങ്ങൾ, പ്രത്യേകിച്ചും വിജ്ഞാനപരമായ പ്രാധാന്യമുള്ളവ, വലിയതോതിൽ വിററഴിയുകയുള്ളു. ഇത്തരം സ്ഥാപനങ്ങൾക്ക സർക്കാർ നൽകുന്ന സഹായം അടുത്ത ചില കൊല്ലങ്ങളിൽ വളരെ കുറയുകയോ തീരെ നിന്നുപോവുകയോ ചെയ്തതു് ഇന്ത്യയിലെ പുസ്തകവ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഏകരൂപവും ഉദാരവുമായ ഒരു ലൈബ്രറിനിയമം എല്ലാ സ്റ്റേററുകളിലും നടപ്പിൽവരുത്തുന്നതിൽ സർക്കാർ ഇനിയും അമാന്തിച്ചുകൂടാ. വായിക്കുന്ന ജനതയ്ക്കേ ചിന്തിക്കുന്ന ജനതയാവാൻ കഴിയൂ. ജനങ്ങൾ കഷ്ടപ്പെട്ടും സർക്കാർ ഏറെ

ചെലവുചെയ്യും നേടുന്ന സാക്ഷരത നിലനിർത്തുവാൻ ഗ്രന്ഥശാലകൾ നാട്ടിലെങ്ങും ഉണ്ടായേ മതിയാവൂ. അതുപോലെ എല്ലാ വിദ്യാലയങ്ങളിലുമുണ്ടാകണം നല്ല ഗ്രന്ഥശേഖരങ്ങൾ. ഗ്രന്ഥാലയങ്ങളും, വിദ്യാലയങ്ങളിലെ ഗ്രന്ഥശേഖരങ്ങളും അഭിവൃദ്ധിപ്പെടുമ്പോൾ, പുസ്തക വ്യവസായത്തിലും പുരോഗതിയുണ്ടാകാതിരിക്കുകയില്ല.

ഇന്ത്യയിലെ പുസ്തകപ്രകാശനവ്യവസായത്തിൽ ആഭ്യന്തരമായ ഒരു പരിവർത്തനം അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ഭാരതീയഭാഷകളിൽ ഇന്നു പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങളിൽ അധികവും വിനോദം ഉദ്ദേശിച്ചുള്ള കഥകളോ ,നോവലുകളാണോ ആണ്. നിത്യജീവിതത്തിൽ ജനങ്ങൾ അറിഞ്ഞിരിക്കേണ്ട എല്ലാ വിഷയങ്ങളെക്കുറിച്ചും ലളിതമായ ശൈലിയിൽ ആകർഷകമായി പ്രതിപാദിക്കുന്ന എത്രയോ പുസ്തകങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനായി ഓരോ പുസ്തകവ്യവസായിയും ആസൂത്രിതമായ രീതിയിൽ പ്രവർത്തിച്ചു തുടങ്ങാൻ കാലമായിരിക്കുന്നു.

സോപ്പോ, തുണിയോ, തയ്യൽയന്ത്രമോ മററു് ഉപയോഗസാധനങ്ങളോ നിർമ്മിക്കുന്നതിനു സാങ്കേതികവൈദഗ്ദ്ധ്യം അനുപേക്ഷണീയമാണല്ലോ. ഇതുപോലെ പുസ്തകങ്ങൾ അച്ചടിച്ചു പുറത്തിറക്കുന്നതിനും ജോലിക്കാർക്കു സാങ്കേതികശിക്ഷണം ആവശ്യമാണ്. കൈയെഴുത്തു പ്രതി കിട്ടിയപാടെ അച്ചടിച്ചു മാർക്കററിലെത്തിക്കുകയാണ് ഇന്നു ഭൂരിഭാഗം പുസ്തകപ്രകാശകരും ചെയ്യുന്നതു്. ലേഖകൻ സമർപ്പിച്ച കൈയെഴുത്തുപ്രതി വായിച്ചുനോക്കി വിലയിരുത്തുക, പ്രസിദ്ധീകരണാർഹമെങ്കിൽ അതു് 'എഡിററ്' ചെയ്യുക, വേണ്ട ചിത്രങ്ങളും ചാർട്ടുകളും മററും ചേർക്കുക, അനുക്രമണികൾ തയ്യാറാക്കുക, പുസ്തകപ്രകാശനം സംബന്ധിച്ച ഇത്തരം വിഷയങ്ങളിൽ കോഴ്സുകൾ നടത്തേണ്ടതാണ്. അച്ചടിക്കുമ്പോൾ ചില നിശ്ചിതനിലവാരങ്ങൾ പുലർത്തുക, പ്രൂഫ് വായിക്കുക, ഭംഗിയായി ബയൻഡ്ചെയ്യുക, വേണ്ടവിധത്തിൽ പരസ്യം നൽകുക, ജനങ്ങൾക്ക് എളുപ്പത്തിലും കുറഞ്ഞ ചെലവിലും, ലഭിക്കത്തക്ക വിധത്തിൽ നാടുനീളെ വില്പനയേർപ്പാടുചെയ്യുക തുടങ്ങി വിദഗ്ദ്ധശിക്ഷണം ഒഴിച്ചുകൂടാത്ത പല വശങ്ങളും പുസ്തകവ്യവസായത്തിനുണ്ട്. ഈ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി, സർവകലാശാലകളിലും മററും പുസ്തകപ്രകാശനത്തിൻെറ എല്ലാ വശങ്ങളിലും ഉയർന്ന സാങ്കേതിക—പ്രായോഗിക—പരിശീലനങ്ങൾ നൽകുന്ന ഒരു കേന്ദ്രസ്ഥാപനവും ഇന്ത്യയിൽ ഉണ്ടായേ മതിയാവൂ.

അടുത്തകാലത്തു് ഇന്ത്യാഗവണ്മെൻറ് ദേശീയതലത്തിൽ ഒരു പുസ്തക വികസന കൗൺസിൽ നിലവിൽ വരുത്തിയിട്ടുണ്ട്. കേരളംപോലെയുള്ള ഏതാനും സംസ്ഥാനങ്ങളിലുമുണ്ട് ഔദ്യോഗികതലത്തിൽ ചില സമാനസ്ഥാപനങ്ങൾ. പുസ്തകപ്രകാശകരുടെ സംഘടനകൾ സ്റ്റേററ്തലത്തിലും ദേശീയതലത്തിലുമുണ്ട്. ഈ സ്ഥാപനങ്ങളും സംഘടനകളും ഫലപ്രദമായി സഹകരിച്ചു പ്രവർത്തിക്കുന്നപക്ഷം ഇന്ത്യയിലെ പുസ്തകവ്യവസായത്തിനു ത്വരിതമായ പുരോഗതി ഉണ്ടായിക്കൂടെന്നില്ല. അറിവിനുള്ള വിശപ്പു് ഇന്ത്യയിലെ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരികയാണ്. ഇന്ത്യയ്ക്കുപുറമെ മററു പല രാജ്യങ്ങളിലും വലിയ തോതിൽത്തന്നെ ഇന്ത്യൻവംശജർ കുടിയേറിപ്പാർത്തിട്ടുണ്ട്. മാതൃഭാഷയിൽ പുസ്തകങ്ങൾ വായിക്കുന്നതിനുള്ള ഇവരുടെ ആവശ്യത്തെ നിറവേററാൻ നല്ല നിലവാരം പുലർത്തുന്ന ഇന്ത്യൻ പുസ്തകപ്രസിദ്ധീകരണശാലകൾക്കു മാത്രമേ കഴിയൂ. ഇപ്പോൾ നാം പുസ്തകങ്ങൾ ഇറക്കുമതിചെയ്യുന്ന ഒരു ജനതയാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ പുസ്ത

കങ്ങൾ കയററുമതിചെയ്യുന്ന ജനതയായി മാറുവാൻ നമുക്കു കഴിവു കൈവന്നുകൂടെന്നില്ല.

സർക്കാരിനും—കേന്ദ്രസർക്കാരിനും സ്റ്റേററ്സർക്കാരുകൾക്കും—ഉദ്ബുദ്ധമായ ഒരു 'പുസ്തകനയം' ഉണ്ടായെങ്കിൽ മാത്രമേ അഭിലഷണീയമായ ഈ പരിവർത്തനം സംഭവിക്കുകയുള്ളൂ.

(26 ജനുവരി, 1984)

# 67. എസ്കിമോ ദേശീയത

അത്യന്തം ശക്തമായ ഒരു മൗലികവികാരമത്രെ ദേശീയബോധം. പല ഭരണകൂടങ്ങൾക്കു കീഴിൽ, വ്യത്യസ്തങ്ങളായ പരിതഃസ്ഥിതികളിൽ, പുലരുന്ന ജനവിഭാഗങ്ങളെ ദേശീയബോധം ഏകീകരിക്കുന്നു. നഷ്ടപ്പെട്ടുപോയ സ്വന്തം അസ്മിത (ഐഡൻറിററി) വീണ്ടെടുക്കുന്നതിൻെറ ആദ്യപടി തങ്ങളുടേതായ സ്വതന്ത്ര ഭരണസംവിധാനം പടുത്തുയർത്തുകയാണെന്നു ദേശീയബോധം ഈ ജനവിഭാഗങ്ങളെ പഠിപ്പിക്കുന്നു. ദേശീയബോധം വേരുറച്ചുകഴിയുന്നതോടെ, സ്വയം തിരഞ്ഞെടുത്ത സാമൂഹ്യലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി എത്ര വലിയ ത്യാഗം അനുഷ്ഠിക്കുന്നതിനും ജനങ്ങൾ തയ്യാറാകുന്നു. നിശ്ചിതസങ്കേതത്തിൽച്ചെന്നു സ്വന്തം ഭാഗധേയവുമായി സന്ധിക്കുന്നതിന് ഒരുങ്ങിപ്പുറപ്പെട്ട ദേശീയ ജനവിഭാഗങ്ങളെ തടഞ്ഞുനിർത്തുക, പിന്നീട്, ഏതു ശക്തിക്കും അസാദ്ധ്യമായിത്തീരുന്നു.

ഉത്തരധ്രുവത്തിനു ചുററുമായി ഒരു ലക്ഷത്തോളം എസ്കിമോകൾ പാർക്കുന്നുണ്ട്. ഇവരിൽ നാല്പതിനായിരത്തോളം ആളുകൾ വസിക്കുന്നതു് ഗ്രീൻലാൻഡിലാണ്. 1380—ാമാണ്ടുമുതൽ ഡന്മാർക്കിൻെറ ഒരു കോളനിയായി ഗണിക്കപ്പെട്ടിരുന്ന ഗ്രീൻലാൻഡ് 1953—ൽ ഡന്മാർക്കിൻെറ ഒരു സംസ്ഥാനം (പ്രോവിൻസ്) ആയി. 8,40,000 ച. മൈൽ വിസ്താരമുണ്ട് ഗ്രീൻലാൻഡിന്. മുപ്പതിനായിരത്തോളം എസ്കിമോകൾ പാർത്തുവരുന്ന അലാസ്ക, 1867—ൽ ഏഴുപത്തിരണ്ടു ലക്ഷം ഡോളറിന് റഷ്യയോട് അമേരിക്കൻ ഐക്യനാടുകൾ തീറു വാങ്ങിയ 5,86,400 ച. മൈൽ വലിപ്പമുള്ള ഒരു ഭൂഭാഗമാകുന്നു. 1959—ൽ അലാസ്ക അമേരിക്കൻ ഐക്യനാടുകളിലെ 49—ാമത്തെ സ്റ്റേററ് ആയി. ഇരുപത്തയ്യായിരത്തോളം എസ്കിമോകൾ കാനഡയുടെ വടക്കുഭാഗങ്ങളിൽ പാർക്കുന്നവരാണ്. സോവിയററ്യൂണിയനിൽപ്പെട്ട സൈബീരിയയുടെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ അയ്യായിരത്തോളം എസ്കിമോകൾ താമസിക്കുന്നു.

'എസ്കിമോ' എന്നതു് ഒരു അമേരിന്ത്യൻ വാക്കാണ്. 'പച്ചയിറച്ചി തിന്നുന്നവൻ' എന്നാണ് ആ വാക്കിനർത്ഥം. 'ഇനുയിററ്' അല്ലെങ്കിൽ 'യൂയിററ്' എന്ന വാക്കാണ്, തങ്ങളെപ്പററി പറയുമ്പോൾ, എസ്കിമോകൾ ഉപയോഗിക്കുന്നതു്. 'ജനങ്ങൾ' എന്നാണ് ആ വാക്കുകൾക്ക് അർത്ഥം. 'ഇനുയിററ്' ഭാഷയ്ക്കു് യൂപിക്, ഇനുപിയാക്, ഗ്രീൻലാൻഡിക്, ഇനുക്തിതുത് മുതലായി പല ഉപഭാഷകളുണ്ട്. എങ്കിലും സൈബീരിയയിലും അലാസ്കയുടെ തെക്കെ അററത്തും പ്രചരിക്കുന്ന ഉപഭാഷകൾക്കു മാത്രമേ മുഖ്യഭാഷയിൽനിന്നു ഗണ്യമായ വ്യത്യാസമുള്ളു. സാഹിത്യഭാഷയെന്ന നിലയിൽ 'ഇനുയിററ്' ഭാഷ ഇനിയും വികസിച്ചിട്ടില്ല; അതിനു സ്വന്തമായ ഒരു ലിപിയുമില്ല.